**1. ഇടവക വാർഷിക ധ്യാനം:** നമ്മുടെ മലയാളി കത്തോലിക്ക സമൂഹത്തിന്റെ ഈ വർഷത്തെ വാർഷിക ധ്യാനത്തിന് എല്ലാ മലയാളി ക്രൈസ്തവരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. ഇവിടെ ഏകദേശം 2800 മലയാളി കത്തോലിക്കരാണല്ലോ ഉള്ളത്. നിങ്ങളെ ഈശോയുടെ നാമത്തിൽ അതീവ താത്പര്യത്തോടെ ഓരോരുത്തരേയും പേര് ചൊല്ലി വിളിച്ച് ധ്യാനവേദിയിലേയ്ക്ക് ക്ഷണിക്കുന്നു.

കർത്താവായ ഈശോ തന്റെ സ്വന്തം മലയാളീ സംസ്ക്കാരത്തനിമയുള്ള നമ്മുടെ ഇടവക സമൂഹത്തിലെ ഓരോ അംഗത്തിനും, കുടുംബത്തിനും ആവോളം കൃപയും, അനുഗ്രഹങ്ങളും ചൊരിഞ്ഞുകൊണ്ട് കടന്നുവരികയും തിരുവചനത്തിലൂടെയും, കൂദാശകളിലൂടെയും നമ്മിൽ ശക്തമായ അഭിഷേക ചൈതന്യം ഉണർത്തുകയും ചെയ്യുന്ന അസുലഭാവസരമാണിത്. നമ്മുടെ അസ്തിത്വത്തിന്റെ സമസ്ത മേഖലകളേയും വിശുദ്ധീകരിച്ച്, നവീകരിച്ച് ജീവന്റെ നിറവ് പകരുന്ന രക്ഷാകരമായ ഈ അവസരം ആരും പാഴാക്കരുതെ! കുടുബസമേതംവന്ന് കർത്താവിന്റെ ശക്തിയും അനുഗ്രഹങ്ങളും ആവോളം അനുഭവിക്കുക. വിശുദ്ധ കുർബാനയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഈ വർഷത്തെ നമ്മുടെ ഇടവകധ്യാനത്തിന് നേതൃത്വം നൽകുന്ന ബ. ജോർജ് കരിന്തോളിൽ അച്ചനേയും ധ്യാനത്തിന്റെ വിവിധ ശുശ്രൂഷകൾക്കായി സമർപ്പണ ചൈതന്യത്തോടെ സഹകരിക്കുന്ന സകലരേയും കർത്താവ് അനുഗ്രഹിക്കട്ടെ.

***Attention Please: Main Guide of the Retreat: Rev. Fr. George Karintholil MCBS***

***>Center of Retreat***: Stadlau Kapelle, Erzherzog Karlstraße – 176, Wien -22

***> Days and Time:*** Wednesday 21st March, 8. 30am(Rosary) to 17. 30 hrs.
Thursday 22nd March, 8. 30am to 18. 00 hrs
Friday 23rd March, 8. 30am to 18. 00 hrs
Saturday 24th March, 8. 30am to 15. 30 hrs

***Registration Fee***: Euro 10,- per Person to be paid at the ***Info Desk*** in Retreat centre

***Facility for Confession***: Thursday afternoon till Friday 18 hrs (No Confession on Saturday)

***Reminder: This is an occasion to pay your Family Contribution (€ 30) and Dues***

**2. MCC Youth Forum:** Welcome to the Malayalee Catholic Youth from 17 years of age to the One Day Life Orientation Program in Don Bosco Haus, Wien -13. Reg.Fee, € 20,- Maximum No. of Participants 40. ***Kindly do not miss this wonderful Chance.***

3. **മാതാപിതാക്കളെ ജാഗ്രത പുലർത്തുക!** യൂറോപ്പിലെ സകല സർവ്വെ പഠനങ്ങളും സൂചിപ്പിക്കുന്നത് ശ്രദ്ധിക്കുക. ഇവിടത്തെ ക്രിസ്തീയ സംസ്ക്കാരത്തിന്റെ തളർച്ചയും, തകർച്ചയും സങ്കടകരമാണ്. ക്രൂശിതനും, കുരിശും ഹൃദയങ്ങളിൽനിന്നും, അവയുടെ സാന്നിദ്ധ്യ വേദികളിൽനിന്നും തിരസ്ക്കരിക്കപ്പെടുന്നു. വിശുദ്ധ കൂദാശകളോടുള്ള നിസ്സംഗതയും, നിരാസവും വർദ്ധിച്ചു വരുന്നു. വിശ്വാസ ജീവിതത്തിന്റെ അടിത്തറയായ മാമോദീസായും, കൃപയുടെ നീരുറവയായ വിശുദ്ധ കുർബ്ബാനയും അവഗണിക്കപ്പെടുന്നു. ദിവ്യകാരുണ്യത്തിന്റെ വാസസ്ഥാനവും, വിശുദ്ധ കൂദാശകളുടെ അനുഭവവേദിയും, ആത്മീയ സംസ്ക്കാരത്തിന്റെ പൈതൃക കേന്ദ്രവുമായ സ്വന്തം ഇടവക ദേവാലയത്തിലെ വിശുദ്ധ ബലിപീഠത്തോടുള്ള ഹൃദയ ബന്ധവും, ഇടവക കൂട്ടായ്മയോടുള്ള ആഭിമുഖ്യവും നഷ്ടപ്പെടുന്നു. ഈ പ്രവണതകളുടെ ഫലമോ! കുടുബങ്ങളുടെ തകർച്ചയും, തലമുറകളുടെ അകൽച്ചയും, ആത്മീയ സാഹോദര്യത്തിന്റെ വരൾച്ചയും മാത്രമല്ല; ജീവിത സന്തോഷത്തിന്റെ തീരാനഷ്ടവുമാണ്. ആകയാൽ മാതാപിതാക്കൾ ശ്രദ്ധിക്കുക. മുൻകരുതലുകൾ എടുക്കുക. സ്വന്തം ഇടവക കൂട്ടായ്മയുടെ ആത്മീയ, അജപാലന, ആരാധനാ കൂട്ടായ്മയിൽ മുടക്കം കൂടാതെ കുടുംബസമേതം പങ്കുചേരുക, കൃപാസമ്പന്നമായ പ്രവാസ ജീവിതത്തിന്റെ ഭാഗ്യവും നന്മകളും അനുഭവിക്കുക. പ്രത്യേകം ശ്രദ്ധിക്കുക: ഒറ്റയാൻപോലെയുള്ള വ്യക്തികളുടേയോ, സെക്ടുകൾപോലെയുള്ള ഗ്രൂപ്പുകളുടേയോ സ്വാധീനത്തിൽപ്പെട്ട് ആരോഗ്യവും, സന്തോഷവും, കൗദാശിക കൃപയും, സഭാകൂട്ടായ്മയുടെ നിറജീവനും നഷ്ടപ്പെടുത്തല്ലെ!!!

4. **Please be aware of the Children-Youth Liturgy**, once in a month in Maria Lourdes and in Stadlau Kapelle in their own communicative language of German, with the active leadership participation of the Malayalee Youth. Special offertory service for the Kids below 6 years of age, once in a Semester. Hearty Welcome to every one of the MCC.

**5. MCC ഒരു അജപാലക–ജനകീയ ഇടവക സമൂഹം:** പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ കാഴ്ചപ്പാടുപോലെ, നമ്മുടെ മലയാളി കത്തോലിക്കാ സമൂഹവും ഈശോയുടെ ഏക പൌരോഹിത്യ നേതൃത്വത്തിന് വിധേയമായി വൈദീകരും, അത്മായരും ഒത്തൊരുമയോടെ രൂപപ്പെടുത്തി, വളർത്തി, ശക്തിപ്പെടുത്തുന്ന കർത്താവിന്റെ മൗതീക ശരീരമായ തിരുസ്സഭയുടെ പ്രാദേശിക, സാംസ്ക്കാരിക, കൗദാശിക ശാരീരിക കൂട്ടായ്മയാണ്. അജപാലകരും അൽമായരും ഒത്തൊരുമയോടെ, ആത്മീയ ബോദ്ധ്യങ്ങളോടെ, സാഹോദര്യത്തോടും, സുതാര്യതയോടുംകൂടെ പരസ്പരം ആലോചിച്ചും, ആശയങ്ങളും, നിർദ്ദേശങ്ങളും, വിലയിരുത്തലുകളും തുറവിയോടും, ആർദ്രതയോടും, ആദരവോടുംകൂടെ പങ്കുവെച്ചും കൂട്ടായിത്തന്നെ തീരുമാനങ്ങളെടുത്തും ഇഛാശക്തിയോടെ അവയെ നടപ്പാക്കിയും ഇടവകനാഥനായ കർത്താവിനെ നമുക്ക് മഹത്വപ്പെടുത്താം.

**6. Availability of Syro Malabar Qurbana in Local Units**: If you need to celebrate a Holy Qurbana in Syro Malabar Rite in your local prayer, family or neighbourhood units near your residence, kindly arrange it in your nearby Parish Church or Chapel with the permission of the respective local Priests and inform the MCC Chaplain or Assistant Chaplain. We are happy to fix a suitable time and date to celebrate it for your families.

**7. മരിച്ചവരുടെ ഓർമ്മ:** നമ്മുടെ മാതാപിതാക്കളുടേയും, കുടുംബാംഗങ്ങളുടേയും മരണാനന്തര അനുസ്മരണ ബലിയും, തിരുക്കർമ്മങ്ങളും നടത്തേണ്ട ഏറ്റവും സമുന്നതമായ വേദി നമ്മുടെ സ്വന്തം ഇടവകയുടെ വിശുദ്ധ മദ്ബഹതന്നെയാണ്. മരണംവരെ ഇടവക ദേവാലയത്തിലെ തിരുവചനത്തിന്റേയും, കൂദാശകളുടേയും വേദികളിൽനിന്ന് നിത്യജീവന്റെ ആത്മീയപോഷണം സ്വീകരിച്ച് അവിടെയെല്ലാം ഓർമ്മകളുടെ മുദ്രപതിച്ച് കടന്നുപോയ നമ്മുടെ പ്രിയപ്പെട്ടവരുടെ ഓർമ്മയാചരണത്തിന് ഏറ്റവും സമുചിതമായത് നമ്മുടെ സ്വന്തം ഇടവക കൂട്ടായ്മയുടെ തിരുക്കർമ്മ വേദിയാണെന്ന കാര്യം ശ്രദ്ധിക്കുക.

**8. കുടുംബ പ്രാർത്ഥന:** കുടുംബം ദൈവത്തിന്റെ ആലയമാണ്. സഭയുടെ മൈക്രോ യൂണിറ്റാണ്. ദാമ്പത്യത്തിന്റെ കൗദാശിക ബലിവേദിയാണ്. സന്ധ്യാവേളകളിൽ കുടുംബത്തിലെ തിരുസ്വരൂപത്തിനു മുമ്പിൽ മാതാപിതാക്കളും മക്കളും മറ്റ് കുടുംബാംഗങ്ങളും ഒന്നുചേർന്ന് നടത്തുന്ന കുടുംബ പ്രാർത്ഥന മുടക്കം കൂടാതെ നടത്തുവാൻ മാതാപിതാക്കൾ പ്രത്യേകിച്ച് അമ്മമാർ ശ്രദ്ധിക്കുമല്ലോ.

**9. Family Tour/Pilgrimage:** MCC plans to conduct a Tour/Pilgrimage for the couples to Poland on 21st, 22nd and 23rd September 2018 on the occasion of the International Family Meet in Ireland. A number of 27 Marital Couples can join the trip, with € 175,- per person. The last date for Registration is 25th March 2018 (Palm Sunday).

**10: MCC First Communion & Confirmation:** Kindly register the names of the children who want to join the MCC First Communion Celebration on 13th May in Maria Lourdes. Fill up the Form and give it to Mr. Boban Kalapurackal in Maria Lourdes and to Ms Joice Ernakeril in Stadlau Kapelle latest by 31st March 2018. There will be the Liturgical Practice (Probe) on 1st May 2018 in Maria Lourdes from 16. 00 to 17.00hrs for the Candidates of First Communion and from 17.00 to 18.00hrs for those of the Confirmation which is on 20th May at 11. 30 hrs in Maria Lourdes.

***With Prayerful Wishes***

P. Thomas Thandappilly CST: MCC Chaplain & P. Joy Plathottathil SVD: Assistant Chaplain

Vienna, 11. 3. 2018

*Verleger: Steephen Chevookaran, Media & Communications for the Malayalee Catholic Community, Vienna*